പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1892 04.05.2017- ൽ മറുപടിക്ക്

## "വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന നടപടി "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ) | വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനും നൂതന വ്യവസായ മേഖലകൾ പരിചയപ്പെടുത്തുന്നതിനും, വ്യവസായ രംഗത്ത് നവീന ആശയങ്ങൾ രൂപകല്പന ചെയ്യുന്നതിനും, വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും, യുവ സംരംഭകരെ വളർത്തിയെടുക്കുന്നതിനും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി ക്ലബ്ബുകൾ) പ്രവർത്തിച്ചു വരുന്നു. കൂടാതെ പഠന കാലയളവിൽ തന്നെ സംരംഭകത്വത്തിൽ ഏർപ്പെടുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി മുഖേന ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും ബിസിനസ്സ് മെന്ററിംഗ് സെഷനുകളും പ്രവർത്തിച്ചു വരുന്നു. ഇതിനായി വിദ്യാർത്ഥി സംരംഭകർക്ക് സീഡ് ക്യാപിറ്റൽ അസിസ്റ്റന്റ് സ്കീം വഴി സാമ്പത്തിക സഹായവും ആവിഷ്കരിച്ചു വരുന്നു. |
| ബി) | വിദ്യാലയങ്ങൾ സംരംഭക സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) & സി) | കേരളത്തിലൊട്ടാകെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഇ.ഡി ക്ലബ്ബുകളിൽ വിവിധ സംരംഭകത്വ വികസന പരിപാടികൾ നടത്തുന്നതിന് ചിലവായ തുകയിൽ |

| | | | |
|---|---|---|---|
| സി) | ഇൻഫർമേഷൻ ടെക്നോളജി വ്യവസായ രംഗത്തുൾപ്പെടെ വിദ്യാർത്ഥി സംരംഭകർക്ക് പ്രോത്സാഹനവും വ്യവസായ സാഹചര്യവും സൃഷ്ടിച്ചു നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഐ.ടി. ക്യാമ്പസുകൾ കേന്ദ്രീകരിച്ച് ഇതിനായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കുമോ? | | സർക്കാർ സഹായമെന്ന നിലയ്ക്ക് 280 ഇ.ഡി ക്ലബ്ബുകൾക്ക് ₹ 16,80,000/- രൂപ 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ 378 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് ₹ 25,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഐ.റ്റി ക്യാമ്പസുകൾക്ക് മാത്രമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**